## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3534** **15.03.2018-ൽ മറുപടിയ്ക്ക്**

**<u>പ്രവാസി ചിട്ടി നടപടികളുടെ പുരോഗതി</u>**

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രവാസി ചിട്ടി രൂപീകരണവും നടത്തിപ്പും സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ? | (എ) | പ്രവാസി ചിട്ടിയുടെ നടത്തിപ്പിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ, ചിട്ടി രജിസ്ട്രേഷനും ചിട്ടി ലേലവും ഓൺലൈൻ സംവിധാനം വഴി നടത്തുന്നതിന് ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ തുടങ്ങിയവ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം തമ്പാനൂരിൽ വെർച്വൽ ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ താമസിയാതെ തുടങ്ങുന്നതാണ്. ഇതു സംബന്ധിച്ച് ഇപ്പോൾ തന്നെ പ്രവാസികളുടെയും ബന്ധുക്കളുടെയും സംശയദൂരീകരണത്തിനും മറ്റു വിവര ശേഖരണത്തിനുമായി ഒരു കസ്റ്റമർ കെയർ സെന്ററും വെബ്സൈറ്റും പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ചിട്ടി എന്നു മുതൽ ആരംഭിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തു മോ? | (ബി) | അടുത്ത സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ